III ഇ.ബി. XII-കേരള നിയമസഭ/VI-9

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 സെപ്റ്റംബർ 14, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I.ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*241,*242, *243 ) സഭയിൽ ഉന്നയിക്കുകയും *241-ാം നമ്പർ ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും *242-ാം നമ്പർ ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിയും *243-ാം നമ്പർ ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

**II.അടിയന്തിരപ്രമേയം**

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരസ്യമായ കുറ്റപ്പെടുത്തലിനെത്തുടർന്ന് സ്ഥാനം ഒഴിയാൻ തയ്യാറായി അവധിയിൽ പ്രവേശിച്ച സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീമതി ലിസി ജേക്കബ്ബിന്റെ നടപടിമൂലം മനോവീര്യം തകർന്ന് നിശ്ചലമായ സംസ്ഥാന സിവിൽ സർവ്വീസിന്റെ അതീവ ശോചനീയസ്ഥിതിയേയും തൻമൂലമുണ്ടായിട്ടുള്ള ഗുരുതരമായ ഭരണസ്തംഭനത്തെയുംപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധാകരനും മറ്റ് നാല് അംഗങ്ങളും നൽകിയ

അടിയന്തിരപ്രമേയനോട്ടീസിന് മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും അഴിമതിക്കാരെ രക്ഷിക്കാൻ ഉദ്യോഗസ്ഥരെ ബലിയാടാക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഇവിടെ നടക്കുന്നതെന്നും തൻമൂലമാണ് ചീഫ് സെക്രട്ടറി രാജിവയ്ക്കാൻ ഇടയായിരിക്കുന്നതെന്നും അതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ശ്രീ. ബി. ബാബു പ്രസാദ്, കെ. ബി. ഗണേഷ് കുമാർ, എം. ഉമ്മർ, പ്രൊഫ. എൻ. ജയരാജ് എന്നീ അംഗങ്ങൾ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തശേഷം തന്റെ പാർട്ടി അംഗങ്ങളോടാപ്പം സഭ വിട്ടു പുറത്തുപോയി. സർവ്വശ്രീ സി.എഫ്. തോമസ്, സി. ടി. അഹമ്മദ് അലി, എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൻമാരും പ്രസ്താവന നടത്തിയതിനുശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.

### III. ശ്രദ്ധ ക്ഷണിക്കൽ

1. സുപ്രീം കോടതിയിൽ പരിഗണനയിലിരിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെയുള്ള കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

2. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളെ ലോക വ്യപാര കരാറിലെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. വി. ശ്രേയാംസ് കുമാർ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## IV. **സബ്മിഷൻ**

1. തൊഴിലാളികളുടെ P F പെൻഷൻ സ്കീം പരിഷ്ക്കരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എ .എം. യൂസഫ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
2. പറവൂർ സ്വദേശി പ്രീത ജോസിന്റെ ദുരൂഹമരണം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി
3. തീരപ്രദേശങ്ങളിൽ റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻ പിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.
4. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി ഹെലികോപ്റ്റർ വാങ്ങേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.
5. കോഴിക്കോട് മിഠായിതെരുവ് തീപിടുത്തത്തിൽ നഷ്ടം സംഭവിച്ച കച്ചവടക്കാരെ പുനരധിവസിപ്പിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

6. തണ്ണിത്തോട് കൈതപ്പുറംവീട്ടിൽ വാസു ഷോക്കേറ്റ് മരണപ്പെട്ടത് സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

7. സുനാമി ഫണ്ട് ഉപയോഗിച്ച് നൽകുന്ന സ്കോളർഷിപ്പ് വിതരണത്തിലെ അപാകത സംബന്ധിച്ച് ശ്രീ. എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

8. കോഴിക്കോട് മുസ്ലീം ഐ. ടി. ഐ. സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

9. മദ്രസ ഗ്രാന്റ് ഇൻ-എയ്ഡ് ബോർഡ് പുന:സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. ടി. എ. റഹിം ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

10. കൊട്ടാരക്കര K.S.R.T.C. ഡിപ്പോയിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് ശ്രീമതി പി. അയിഷാപോറ്റി ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

11. കൈവശഭൂമിയിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

12. വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഡയറക്ടറും മെക്കാനിക്കൽ എഞ്ചിനീയറും ഇല്ലാത്ത സാഹചര്യം സംബന്ധിച്ച് ശ്രീ. സി. കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

13. ആലപ്പുഴയിലെ കനാലുകളുടെ സൗന്ദര്യവൽക്കരണം സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

14. കടമ്പ്രയാറിലെ ശുദ്ധജല ലഭ്യത സംബന്ധിച്ച് ശ്രീ. എം.എം. മോനായി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

15. തെങ്ങിൽനിന്നും നീരയും ശർക്കരയും വ്യാപകമായി ഉൽപ്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. കെ. പ്രേംനാഥ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

16. മഞ്ചേശ്വരം ചെക്ക്പോസ്റ്റിന്റെ നവീകരണം സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

17. വളപട്ടണത്ത് ആളൊഴിഞ്ഞ പറമ്പിൽനിന്ന് ആയുധശേഖരം കണ്ടെടുത്തത് സംബന്ധിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

18. മുസ്ലീംലീഗ് നേതാക്കൾക്കെതിരെയുള്ള ആക്രമണം സംബന്ധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും *സം*ബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) ശ്രീമതി ഇ. എസ്. ബിജിമോൾ 29-6-2007-ന് അവതരിപ്പിച്ച പ്രമേയം

(ചർച്ച തുടർച്ച)

പ്രമേയത്തെക്കുറിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ സംസാരിക്കുകയും ശ്രീ. പി. സി. വിഷ്ണുനാഥ് ഭേദഗതി അവതരിപ്പിക്കുകയും പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. എൻ. രാജൻ സംസാരിക്കുകയും ചെയ്തു.

സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. വി. കുഞ്ഞിരാമൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസ് തെറ്റയിൽ, ജോസഫ് എം. പുതുശ്ശേരി എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

പ്രമേയത്തിൻമേലുള്ള ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതിയോടുകൂടി സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) "ഉയർന്ന ഉൽപ്പാദനച്ചെലവും, ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും, കൃഷിനാശവുംമൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലകപ്പെടുകയും ആത്മഹത്യയിലേയ്ക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യുന്ന കർഷക കുടുംബങ്ങളെ രക്ഷിക്കാൻ കേരള നിയമസഭ കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം പാസ്സാക്കുകയും അതനുസരിച്ച് കമ്മീഷന്റെ പ്രവർത്തനം നടന്നുവരികയുമാണ്. എന്നാൽ കേന്ദ്ര നിയമങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ബാധകമല്ല. ആയതുകൊണ്ട് ദേശസാൽകൃത ഷെഡ്യൂൾഡ്

ബാങ്കുകളിൽനിന്ന് കടമെടുത്ത കർഷകരെ കടക്കെണിയിൽനിന്ന് മോചിപ്പിക്കാൻ സഹായകമാകുന്ന ഒരു കേന്ദ്ര കടാശ്വാസ കമ്മീഷൻ നിയമം നിർമ്മിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച് സംസാരിച്ചു. (ചർച്ച തുടരും)

2007 സെപ്തംബർ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.30-ന് പിരിഞ്ഞു.

************